Malappuram District Police

## 23.08.2017 പെരിന്തൽമണ്ണ

പെരിന്തൽമണ്ണ: ഒരു കോടി രൂപയുടെ നിരോധിത നോട്ടുകളുമായി ഒരാൾ അറസ്റ്റിൽ. കോഴിക്കോട് കോട്ടുളിബസാർ സ്വദേശി കോട്ടോളിപറമ്പത്ത് വീട്ടില് ഷെമീർ (39) ആണ് പിടിയിലായത്. വാഹനപരിശോധനയിലാണ് കാറിൽ തയ്യാറാക്കിയ അറയിൽ സൂക്ഷിച്ച നോട്ടുകള് കണ്ടെടുത്തത്. ഇന്നലെ വൈകിട്ട് പാലക്കാട് ദേശീയപാതയിൽ കരിങ്കല്ലത്താണിക്ക് സമീപം പുത്തൂരിൽ മറ്റൊരു സംഘത്തിന് കൈമാറാനായി കൊണ്ടുപോകുകയായിരുന്നു നോട്ടുകൾ. മറ്റു പ്രതികൾക്കായുള്ള അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്.

സിഐ ടി.എസ്. ബിനു, എഎസ്ഐ സുരേന്ദ്രൻ, പ്രത്യേക അന്വേഷണ സംഘാംഗങ്ങളായ സി.പി.മുരളി, പി.എൻ.മോഹനകൃഷ്ണൻ എന്നിവരടങ്ങിയ സംഘമാണ് തുടരന്വേഷണം നടത്തുന്നത്.